"ഭരണഭാഷ- മാതൃഭാഷ"

## കേരള സർക്കാർ

**സംഗ്രഹം**

ഗതാഗത വകുപ്പ്-ജലഗതാഗതം-KSINC മുഖേന പണികഴിപ്പിച്ച് വാങ്ങിയ പത്ത് ഫൈബർ ബോട്ടുകളിൽ ഉപയോഗ ശൂന്യമായ F6, F10, F11, F12 എന്നീ 4 ബോട്ടുകൾ ഉയർന്ന തുക ക്വാട്ട് ചെയ്ത വ്യക്തിയ്ക്ക് വില്പന നടത്തുന്നതിന് അനുമതി നൽകി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ഗതാഗത(ഡി) വകുപ്പ്**

സ.ഉ.(സാധാ) നം.131/2024/TRANS തീയതി,തിരുവനന്തപുരം, 03-04-2024

---

പരാമർശം:- സംസ്ഥാന ജലഗതാഗത വകുപ്പ് ഡയറക്ടറുടെ 12/08/2021-ലെ സി1-3832/15 നമ്പർ കത്ത്

**ഉത്തരവ്**

സംസ്ഥാന ജലഗതാഗ വകുപ്പ് കെ.എസ്.ഐ.എൻ.സി-യിൽ നിന്നും വാങ്ങിയ 10 ഫൈബർ ബോട്ടുകൾ ഡിസ്പോസൽ ചെയ്യുന്നതിന് e-tender-cum-auction നടപടികൾ സ്വീകരിക്കുകയും, ആയതിന്റെ financial bid documents KSINC മെക്കാനിക്കൽ എൻജിനീയർ, വകുപ്പിലെ മെക്കാനിക്കൽ എൻജിനീയർ, ട്രാഫിക് സൂപ്രണ്ട് എന്നിവർ ഉൾപ്പെട്ട യോഗത്തിൽ വിലയിരുത്തുകയും ആയതുപ്രകാരം F6, F10, F11, F12 എന്നീ ഫൈബർ ബോട്ടുകൾ ഉയർന്ന വില ക്വാട്ട് ചെയ്ത വ്യക്തികൾക്ക് വില്പന നടത്തുന്നതിന് അനുമതി നൽകണമെന്ന് പരാമർശ കത്ത് പ്രകാരം സംസ്ഥാന ജലഗതാഗത വകുപ്പ് ഡയറക്ടർ അഭ്യർത്ഥിച്ചിരുന്നു.

2) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. സംസ്ഥാന ജലഗതാഗത വകുപ്പ് KSINC മുഖേന പണികഴിപ്പിച്ച് വാങ്ങിയ പത്ത് ഫൈബർ ബോട്ടുകളിൽ ഉപയോഗശൂന്യമായ F6, F10, F11, F12 എന്നീ 4 ബോട്ടുകൾ ഉയർന്ന തുക ക്വാട്ട് ചെയ്ത വ്യക്തിയ്ക്ക്, വേണ്ടത്ര പ്രചാരണത്തോടെ സുതാര്യമായിട്ടാണ് ടെണ്ടർ നടപടികൾ നടത്തിയിരുന്നത് എന്ന് ഉറപ്പുവരുത്തികൊണ്ട്, നിലവിലെ സർക്കാർ ചട്ടങ്ങൾക്ക് വിധേയമായി ഒരു മാസത്തിനകം വില്പന നടത്തുന്നതിന് അനുമതി നൽകിയും ഇ-ടെൻഡറിൽ ആരും ക്വാട്ട് ചെയ്യാത്ത F4, F5, F7, F8, F9, F13 എന്നീ 6 ബോട്ടുകൾ അടിയന്തിരമായി പോർട്ട് വിഭാഗത്തെ കൊണ്ട് പുനർമൂല്യനിർണയം നടത്തിയ ശേഷം റീ ടെൻഡർ ചെയ്ത് മൂന്ന് മാസത്തിനകം വിൽപ്പന നടത്തുന്നതിന് സംസ്ഥാന ജലഗതാഗത വകുപ്പ് ഡയറക്ടർക്ക് നിർദ്ദേശം നൽകിയും ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
വിജയശ്രീ.കെ.എസ്
അഡിഷണൽ സെക്രട്ടറി

പകർപ്പ്:-

ഡയറക്ടർ, സംസ്ഥാന ജലഗതാഗത വകുപ്പ്, ആലപ്പുഴ
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ , എ&ഇ, കേരള, തിരുവനന്തപുരം പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ, ആഡിറ്റ് , കേരള, തിരുവനന്തപുരം വിജിലൻസ് വകുപ്പ് (VIG – A3/90/2023-VIG dated. 15/12/2023)

ധനകാര്യ വകുപ്പ് (I&PW-A1/234/2021-FIN dated.15/02/2024)
ഐ & പി.ആർ (വെബ്ബ് & ന്യൂ മീഡിയ) വകുപ്പ്
കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

Signed by
Rekha S
Date: 03-04-2024 11:35:26
സെക്ഷൻ ഓഫീസർ